## കേരള സർക്കാർ

**സംഗ്രഹം**

പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - കണ്ണൂർ ജില്ലയിലെ മാലൂർ ഗ്രാമ പഞ്ചായത്തിന്റെ മാലൂരിലുള്ള സാംസ്കാരിക നിലയത്തിൽ ഹോണറേറിയം അടിസ്ഥാനത്തിൽ ലൈബ്രേറിയനായി ജോലി ചെയ്തിരുന്ന ശ്രീ.പി.വി.ശ്രീകുമാർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA നമ്പർ 2256/14 ൻമേലുള്ള 11/05/2015 ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സഉ(ആർ.ടി) നം.3182/2016/തസ്വഭവ തീയതി,തിരുവനന്തപുരം, 23/11/2016**

---

പരാമർശം :
1) OA 2256/14 -ാം നമ്പർ കേസ്സിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച 11/05/2015 ലെ ഉത്തരവ്.
2) ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 25/02/2016, 03/06/2016 തീയതികളിലെ എ 3-5525/2015 നം. കത്തുകൾ.
3) പഞ്ചായത്ത് ഡയറക്ടറുടെ 28.01.2016 ലെ ഇ 9-37436/2015 നം. കത്ത്.
4) സഉ (സാധാ) നമ്പർ 2328/2000/തസ്വഭവ, തീയതി,13/06/2000
5) സഉ(സാധാ) നമ്പർ 681/2001/തസ്വഭവ, തീയതി, 24/02/2001

**ഉത്തരവ്**

ശ്രീ. പി.വി.ശ്രീകുമാർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA നമ്പർ 2256/14 ൻമേലുള്ള 11/05/2015 ലെ വിധിന്യായത്തിൽ അപേക്ഷകൻ ഒന്നാം കക്ഷിയായ സർക്കാർ മുമ്പാകെ സമർപ്പിച്ചിട്ടുള്ള അനക്സർ MA1 നിവേദനം പരിശോധിച്ച് പരാതിക്കാരനേയും രണ്ടാം എതിർകക്ഷിയായ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയേയും നേരിൽ കേട്ടതിന് ശേഷം 3 മാസത്തിനുള്ളിൽ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. അനക്സർ MA1 എന്നത് അപേക്ഷകൻ 16/03/2015 ൽ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയ്ക്ക് സമർപ്പിച്ച നിവേദനമാണ്. പ്രസ്തുത നിവേദനത്തിൽ മാലൂർ ഗ്രാമ പഞ്ചായത്തിന്റെ മാലൂരിലുള്ള സാംസ്കാരിക നിലയത്തിൽ ലൈബ്രേറിയനായി ടിയാനെ നിയമിച്ച ഉത്തരവിൽ ഏത് കാലയളവ് വരെയാണ് നിയമിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കിയിട്ടില്ലെന്നും ടി ഹോണറേറിയം ലൈബ്രേറിയന്റെ തസ്തിക റഗുലർ തസ്തികയായി കൺവർട്ട് ചെയ്യുവെന്നും പ്രസ്തുത തസ്തികയിലേയ്ക്ക് പുനഃസ്ഥാപിക്കണമെന്നും അപേക്ഷകൻ ആവശ്യമുന്നയിച്ചിരുന്നു.

കണ്ണൂർ ജില്ലയിലെ മാലൂർ ഗ്രാമ പഞ്ചായത്തിന്റെ മാലൂരിലുള്ള സാംസ്കാരിക നിലയത്തിൽ ഹോണറേറിയം അടിസ്ഥാനത്തിൽ ശ്രീ.പി.വി.ശ്രീകുമാറിനെ ഹോണറേറിയം ലൈബ്രേറിയനായി നിയമിച്ചുകൊണ്ട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 18/08/2000 ൽ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ടിയാൻ സേവനമനുഷ്ഠിച്ചുവരവെ CCNo. 55/2007 ൽ പ്രതിയായതിനെത്തുടർന്ന് പഞ്ചായത്ത് ടിയാനെ പിരിച്ചുവിടുകയും എന്നാൽ പിന്നീട് 12/09/2014 ലെ ഉത്തരവ് പ്രകാരം കോടതി ടിയാനെ കുറ്റവിമുക്തനാക്കുകയും ചെയ്തതിനാൽ ടിയാനെ റീ ഇൻസ്റ്റേറ്റ് ചെയ്യണമെന്ന് ആവശ്യമുന്നയിച്ച് ടിയാൻ 15/10/2014 ൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് അപേക്ഷ സമർപ്പിക്കുകയുണ്ടായെങ്കിലും അനുകൂലമായ തീരുമാനം ഉണ്ടാകാത്തതിനെത്തുടർന്നാണ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ അന്യായം ഫയൽ ചെയ്തിരുന്നത്.

ബഹു. ട്രിബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപേക്ഷകനെ നേരിൽ കേൾക്കുകയുണ്ടായി.

അപേക്ഷകൻ 2002 സെപ്റ്റംബർ മുതൽ സ്വമേധയാ ജോലിക്ക് ഹാജരാകാതിരുന്നതാണെന്നും സെപ്റ്റംബർ 2002 മുതൽ മാലൂർ ഗ്രാമ പഞ്ചായത്തിലെ സാംസ്കാരിക നിലയം കെട്ടിടത്തിലാണ് മാലൂർ ഗ്രാമ പഞ്ചായത്ത് ഓഫീസ് പ്രവർത്തിച്ചുവരുന്നതെന്നും സെപ്റ്റംബർ 2002 മുതൽ സാംസ്കാരിക നിലയം ലൈബ്രറി നിലവിലില്ലെന്നും ആയത് ടി തീയതി മുതൽ പ്രവർത്തിക്കുന്നില്ലെന്നും അത് കൊണ്ട് തന്നെ ഓണറേറിയം ലൈബ്രേറിയനായി ആരേയും നിയമിച്ചിട്ടില്ലെന്നും മാലൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി പരാമർശം (2) പ്രകാരവും പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (4) പ്രകാരം, പതിനൊന്നിന പരിപാടി അനുസരിച്ച് നിർമ്മിച്ചിട്ടുള്ള സാംസ്കാരിക നിലയങ്ങളിലും ശിശുമന്ദിരങ്ങളിലും ഓണറേറിയം വ്യവസ്ഥയിൽ നിയമിക്കപ്പെട്ട ലൈബ്രേറിയൻമാർ, നഴ്സറി സ്കൂൾ ടീച്ചർ, ആയ എന്നിവരുടെ കാലാവധിയാണ് പരാമർശം (5) പ്രകാരം ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകിയിട്ടുള്ളത്. മാലൂർ പഞ്ചായത്ത് സെക്രട്ടറിയുടെ 18/08/2000 ലെ ഉത്തരവ് പ്രകാരം ശ്രീ. പി.വി. ശ്രീകുമാറിനെ ഒരു വർഷത്തേയ്ക്കാണ് നിയമിച്ചിട്ടുള്ളത്. കാലാവധി ദീർഘിപ്പിച്ചുകൊണ്ടുള്ള പരാമർശം (5) ലെ ഉത്തരവിന്റെ പരിധിയിൽ ടിയാൻ ഉൾപ്പെടുന്നില്ല. പരാമർശം (4) ലെ ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ ശ്രീ. പി.വി. ശ്രീകുമാർ ജോലിയിലുണ്ടായിരുന്നില്ല എന്നതിനാൽ ടി ഉത്തരവിന്റെ പരിധിയിൽ ടിയാൻ ഉൾപ്പെടുന്നില്ല എന്ന കാര്യം കണക്കിലെടുത്തും മാലൂർ ഗ്രാമപഞ്ചായത്തിലെ സാംസ്കാരിക നിലയം എന്ന ലൈബ്രറി

സെപ്റ്റംബർ 2002 മുതൽ നിലവിലില്ലെന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും മാലൂർ ഗ്രാമ പഞ്ചായത്തിന്റെ സാംസ്കാരിക നിലയത്തിൽ ലൈബ്രേറിയനായി അപേക്ഷകനെ പുനഃസ്ഥാപിക്കണം എന്ന അനക്സർ MA1 നിവേദനത്തിലെ ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

OA നമ്പർ 2256/14 അന്യായത്തിൻമേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 11/05/2015 ലെ ലെ വിധിന്യായം ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ശ്രീകല സി. എസ്**
**അണ്ടർ സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, വഞ്ചിയൂർ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി,മാലൂർ ഗ്രാമ പഞ്ചായത്ത്, കണ്ണൂർ ജില്ല.
ശ്രീ. പി.വി.ശ്രീകുമാർ, സത്യാലയം ഹൗസ്, മല്ലന്നൂർ. പി. ഒ. നിർമ്മലഗിരി - 670701
(സെക്രട്ടറി, മാലൂർ ഗ്രാമ പഞ്ചായത്ത് മുഖേന)
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(ഫയൽ. നം. ഇപിഎ 2/239/2015/തസ്വഭവ)

ഉത്തരവിൻപ്രകാരം
സെക്ഷൻ ഓഫീസർ